പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം.1102.

12.6..2014 ൽ
മറുപടിക്ക്

## കാസറഗോഡ് ഗവ.കോളേജിന് സ്പെഷ്യൽ ഗ്രേഡ്

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിൽ എത്ര സ്പെഷ്യൽഗ്രേഡ് കോളേജുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ : | (എ) | ആറാമത് യു.ജി.സി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയതിനെ തുടർന്ന് നിലവിൽ സ്പെഷ്യൽ ഗ്രേഡ് കോളേജുകളില്ല. |
| (ബി) | ഈ കോളേജുകൾക്ക് സ്പെഷ്യൽ ഗ്രേഡ് പദവി നൽകിയത് എന്നാണെന്നും അതിനായി സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ ; | (ബി) | നാലാം യു.ജി.സി.പദ്ധതി പ്രകാരം സംസ്ഥാനത്തെ കോളേജുകളെ സ്പെഷ്യൽ ഗ്രേഡ് കോളേജുകളെന്നും അല്ലാത്തതെന്നും തരംതിരിക്കാമെന്ന മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആകെ 19 കോളേജുകളെ സ്പെഷ്യൽ ഗ്രേഡ് കോളേജുകളാക്കി തരം തിരിച്ചിരുന്നു. അഞ്ച് പി.ജി.കോഴ്സെങ്കിലും ഉണ്ടായിരിക്കുക, 2000 ൽ കുറയാത്ത വിദ്യാർത്ഥികളുടെ എണ്ണം ഉണ്ടായിരിക്കുക എന്നിവയായിരുന്നു മാനദണ്ഡങ്ങൾ. ആറാം യു.ജി.സി.പദ്ധതി നടപ്പിലാക്കിയതു മുതൽ മേൽപ്പറഞ്ഞ തരംതിരിവ് നിലനിൽക്കുന്നില്ല. |
| (സി) | സ്പെഷ്യൽ ഗ്രേഡ് ലഭിക്കുന്നതിനുള്ള മാനദണ്ഡം പാലിക്കുന്ന എത്ര കോളേജുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുവെന്ന് അറിയിക്കുമോ : | (സി) | ആറാമത് യു.ജി.സി. പദ്ധതി സംസ്ഥാനത്ത് നടപ്പിൽ വന്നതിനാൽ സ്പെഷ്യൽ ഗ്രേഡ് കോളേജുകൾ നിലവിലില്ല. |
| (ഡി) | പ്രസ്തുത കോളേജുകളുടെ പട്ടികയിൽ കാസറഗോഡ് ഗവ.കോളേജ് അർഹത നേടിയിട്ടുണ്ടോ ; | (ഡി) | കാസറഗോഡ് ഗവൺമെന്റ് കോളേജിന് നിലവിൽ പി.ജി.കോളേജിന്റെ സ്റ്റാറ്റസ്സാണുള്ളത്. |
| (ഇ) | ഇല്ലെങ്കിൽ ജില്ലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് പ്രസ്തുത കോളേജിന് സ്പെഷ്യൽ ഗ്രേഡ് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ : | (ഇ) | പുതിയ യു.ജി.സി. വ്യവസ്ഥകൾ പ്രകാരം കാസറഗോഡ് ഗവൺമെന്റ് കോളേജിന് സ്പെഷ്യൽ ഗ്രേഡ് പദവി നൽകാൻ കഴിയില്ല. |

| | | | |
|---|---|---|---|
| (എഫ്) | കാസറഗോഡ് ഗവ.കോളേജിന് സ്പെഷ്യൽ ഗ്രേഡ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ആവശ്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എഫ്) ഉം (ജി) യും | സ്പെഷ്യൽ ഗ്രേഡ് പദവി നൽകണമെന്ന ആവശ്യം ഉന്നയിച്ച് പ്രിൻസിപ്പൽ അപേക്ഷ നൽകിയിരുന്നു. ആറാം യു.ജി.സി പദ്ധതി പ്രകാരം സംസ്ഥാനത്തെ കോളേജുകളെ യു.ജി. കോളേജ്, പി.ജി. കോളേജ് എന്നിങ്ങനെ തരം തിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചിട്ടുണ്ട്. |
| (ജി) | എങ്കിൽ ഇത് സംബന്ധമായി എത്ര നിവേദനങ്ങൾ ആരിൽനിന്നെല്ലാം ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ ? | | |

സെക്ഷൻ ഓഫീസർ